മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(സംഗ്രഹം)

B.Ed പ്രവേശന യോഗ്യത - B.Sc. (Electronics with Computer Hardware) B.Ed (Physical Science) -ന്റെ പ്രവേശന യോഗ്യതയായി അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

അക്കാദമിക് എ XII സെക്ഷൻ

സ.ഉ.നം. 7478/AcAXII/1/142/B.Ed. Eligibility-2018 തീയതി, പി.ഡി.ഹിൽസ്, 22.10.2018

പരാമർശം : 1) ശ്രീമതി സരിഗ സോമൻ 05.06.2018 ൽ സമർപ്പിച്ച അപേക്ഷ.
2) ഡീൻ ഫാക്കൽറ്റി ഓഫ് എഡ്യൂക്കേഷൻ 31.07.2018 ൽ നൽകിയ കത്ത്.
3) ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ (എഡ്യൂക്കേഷൻ-യു.ജി) 24.9.2018 ൽ നൽകിയ കത്ത്.

## ഉത്തരവ്

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ബി.എഡ് പ്രോഗ്രാമിന്റെ നിലവിലെ പ്രോസ്പെക്ടസ് അനുസരിച്ച് ബി.എഡ് ഫിസിക്കൽ സയൻസിന് വേണ്ട പ്രവേശന യോഗ്യതകൾ B.Sc. Degree with Physics/ Chemistry/ Polymer Chemistry/ Geology/ Petrochemicals/Bio-Chemistry/Industrial Chemistry Main with 50% marks (CGPA of 2) in Part-III or Aggregate or 50% marks in M.Sc. Physics/ Chemistry/Polymer Chemistry/ Geology/ Petrochemicals/ Bio-Chemistry/ Industrial Chemistry എന്നിങ്ങനെയാണ്.

എന്നാൽ ഫിസിക്സ് വിഷയവുമായി ബന്ധപ്പെട്ട നിരവധി പേപ്പറുകൾ B.Sc. Electronics with Computer Hardware കോഴ്സിന്റെ ഭാഗമായി പഠിക്കുന്നതിനാലും, സമാനമായ കോഴ്സുകൾ B.Ed. Physical Science -ന് വേണ്ട യോഗ്യതയായി പരിഗണിച്ചിട്ടുള്ളതിനാലും B.Sc. Electronics with Computer Hardware എന്ന പ്രോഗ്രാം B.Ed. Physical Science വിഷയം പഠിക്കുന്നതിനുള്ള പ്രവേശന യോഗ്യതയുടെ പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് പരാമർശം (1) പ്രകാരം അപേക്ഷ ലഭിച്ചിരുന്നു. പ്രസ്തുത അപേക്ഷ പരിശോധിച്ച ഡീൻ ഫാക്കൽറ്റി ഓഫ് എഡ്യൂക്കേഷൻ, ചെയർമാൻ, ബോർഡ് ഓഫ് സ്റ്റഡീസ് (എഡ്യൂക്കേഷൻ - യു.ജി) എന്നിവർ B.Sc. Electronics with Computer Hardware എന്ന പ്രോഗ്രാം B.Ed. Physical Science വിഷയം പഠിക്കുന്നതിനുള്ള പ്രവേശന യോഗ്യതയുടെ പട്ടികയിൽ ഉൾപ്പെടുത്താവുന്നതാണ് എന്ന് ശുപാർശ ചെയ്തു. പ്രസ്തുത ശുപാർശ മഹാത്മാഗാന്ധി സർവ്വകലാശാലാ നിയമം 1985, അധ്യായം III വകുപ്പ് 10 (17) പ്രകാരം വൈസ് ചാൻസിലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദിലീപ് കുമാർ. ആർ

അസിസ്റ്റന്റ് രജിസ്ട്രാർ (അക്കാദമിക്- III)

രജിസ്ട്രാർക്കു വേണ്ടി

(മറുപുറം)

പകർപ്പ്:

1. വി.സി/പി.വി.സി എന്നിവരുടെ പി.എസ്-മാർ
2. രജിസ്ട്രാർ/സി.ഇ എന്നിവരുടെ പി.എ മാർ
3. ഡീൻ ഫാക്കൽറ്റി ഓഫ് എഡ്യൂക്കേഷൻ
4. ചെയർമാൻ; ബോർഡ് ഓഫ് സ്റ്റഡീസ് (എഡ്യൂക്കേഷൻ - യു.ജി)
5. AR III/ JR II/DR II (Acad)
6. JR II (Exam)
7. Ac.A VIII Section
8. EI-V/EI-VI/EI-XXVI Sections
9. EB Sections
10. റെക്കോർഡ് സെക്ഷൻ/കണ്ടന്റ് മാനേജ്മെന്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി.)
11. എസ്.എഫ്/എഫ്.സി